23003160

**QP CODE: 23003160**

**Reg No** : ....................

**Name** : ....................

# M A DEGREE (CSS) EXAMINATION, APRIL 2023

## First Semester

M A MALAYALAM

## CORE - ML010101 - KAVITHA PRACHEENAM MADHYAKALAM

2019 ADMISSION ONWARDS

7845453B

Time: 3 Hours | Weightage: 30

### Part A (Short Answer Questions)

*Answer any **eight** questions.*

*Weight **1** each.*

1. കുറ്റമല്ലരികൾ വേന്തൻ കുഴുമിയനാടു വാഴ്വു
   പെറ്റതുമിവൾ നിമിത്തം;പിഴൈയുറും വാലിവാണാൾ
   അറ്റതു;മിലങ്കവേന്തനകൻ കോയിൽ നന്റാ -
   യുറ്റവരോടും കൂടിയുറൈന്തു മരചനമ്പാൽ - സൂചിത കഥ വ്യക്തമാക്കുക?
2. കൃഷ്ണഗാഥയുടെ സാഹിത്യപരമായമേന്മകൾ - വിവരിക്കുക
3. ഉണ്ണിയാടി ചരിതത്തിൽ പരാമർശിച്ചിരിക്കുന്ന ആഭരണങ്ങളും വാദ്യോപകരണങ്ങളും ഏതെല്ലാം? വിവരിക്കുക
4. "ദിക്ഷുവിദിക്ഷുചഘോരേപക്ഷ്മളനയനാചചാരകാന്താരേ " - സന്ദർഭം വ്യക്തമാക്കുക?
5. സ്തോത്രകാവ്യങ്ങളുടെ പ്രത്യേകത എന്ത്?
6. "ശ്രീമൂലമായപ്രകൃതീങ്കൽത്തുടങ്ങിജന-
   നാന്ത്യത്തൊളം പരമഹാമായ തന്റെഗതി
   ജന്മങ്ങളും പല കഴിഞ്ഞാലുമില്ലവധി
   കർമ്മത്തിനും;പരനാരായണായ നമ:"-ആശയം എന്ത്?
7. കിളിപ്പാട്ട് പ്രസ്ഥാനം - കുറിപ്പെഴുതുക?
8. കുചേലനെകണ്ടപ്പോൾ ശ്രീകൃഷ്ണനുണ്ടായ ഭാവവ്യതിയാനങ്ങൾ വിവരിക്കുക?

9. "അയ്യോ ചതിച്ചടാ മച്ചുനിയാ
എന്നെ ചതിപ്പാൻ വിധിപോരല്ലോ " - സന്ദർഭത്തിന്റെ വൈകാരികത വിവരിക്കുക.

10. ഇരവിക്കുട്ടിപ്പിള്ളപ്പോര്,കണിയാങ്കുളത്ത്പോര് എന്നറിയപ്പെടുന്നതിലെ സാംഗത്യംവിവരിക്കുക

(8×1=8 weightage)

**Part B (Short Essay/Problems)**

*Answer any **six** questions.*

*Weight **2** each.*

11. "മലയാള കവിതാസാഹിത്യചരിത്രത്തിലെ ഒരു നാഴികക്കല്ലായി കണ്ണശ്ശരാമായണത്തെ കണക്കാക്കാം" - ശരിയാണോ എന്ന് പരിശോധിക്കുക

12. .മണിപ്രവാള ഭാഷയുടെ പ്രത്യേകതകൾ വിവരിക്കുക

13. സന്താനഗോപാലംപാനയുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക?

14. പുത്തൻപാനയുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക?

15. മണിപ്രവാളകവിതയുടെ എന്തെല്ലാം സവിശേഷതകൾ ശ്രീകൃഷ്ണചരിതത്തിൽ കണ്ടെത്താൻ കഴിയും - വിശകലനം ചെയ്യുക?

16. കൃസ്തീയ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട മറ്റ് കൃതികളിൽനിന്നും ആത്മാനതാപത്തിനുള്ള സവിശേഷതകൾ എന്തെല്ലാം?

17. വയലിൽ നിന്ന് ജീവിത പാഠങ്ങൾ കണ്ടെത്തി അതിലൂടെ മറുകര താണ്ടിയ പുലയനാണ് പൊട്ടൻ തെയ്യത്തിന്റെ അടിസ്ഥാനം - വിവരിക്കുക

18. " ഉയർന്ന ജാതിക്കാരനോടുള്ള അമർഷവും സ്വന്തം ജീവിതത്തിന്റെ നിസ്സഹായവസ്ഥയും വെളിപ്പെടുത്തുന്ന, താഴ്ന്ന ജാതിക്കാരന്റെ ഹൃദയതുടിപ്പുകളാണ് നാടൻപാട്ടുകൾ " - വിശകലനം ചെയ്യുക

(6×2=12 weightage)

**Part C (Essay Type Questions)**

*Answer any **two** questions.*

*Weight **5** each.*

19. സാമൂഹ്യജീവിതത്തിന്റെയും ജനകീയാചാരങ്ങളുടെയും നിഴൽച്ചിത്രങ്ങൾനിറഞ്ഞു നിൽക്കുന്ന നാടകീയമായ ഒരുഗാഥാകാവ്യമെന്ന നിലയിൽ രാമകഥപ്പാട്ടിനെ വിലയിരുത്തുക

20. എഴുത്തച്ഛന്റെ കാവ്യശൈലിയുടെ പ്രത്യേകതകൾ ഭീഷ്മപർവ്വത്തെ ആസ്പദമാക്കി ഉപന്യസിക്കുക?

21. തിരുവാതിരപ്പാട്ടുകളുടെ ഭാഷ, ഗാനരീതി, താളം എന്നിവ നാരദമോഹനം തിരുവാതിരപ്പാട്ടിനെ മുൻനിർത്തി ഉപന്യസിക്കുക?

22. ചെങ്ങന്നൂരാതിപ്പാട്ടിന്റെ സാഹിത്യമേന്മ ഉപന്യസിക്കുക.

(2×5=10 weightage)